# തൊഴിലിന്റെ മാഹാത്മ്യം

**അബ്ദുൽ ജലീൽ താമരക്കുളം**

عَن المقدام رضي الله عنه عن النبي ﷺ قَالَ :ما أكل أحدٌ طَعَامًا قَط خَيْرًا من أن يَأكُل مِنْ عَمَلِ يَده.

**മിഖ്ദാമി(റ)ൽനിന്ന്. റസൂൽ(സ) പറഞ്ഞു: "ഒരുവൻ കഴിക്കുന്ന ഭക്ഷണത്തിൽ വെച്ചേറ്റവും ഉത്തമമായത് സ്വകരം കൊ് അധ്വാനിച്ചതിൽ നിന്നുള്ളതാണ്"** (മുസ്‌ലിം).

ഇസ്‌ലാം തൊഴിലിന് വളരെയേറെ പ്രാധാന്യം നൽകിയിട്ടുണ്ട്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു ചെയ്യുന്ന ഇബാദത്തായിട്ടാണ് തൊഴിലിനെ ഇസ്‌ലാം കാണുന്നത്.

ഭൂമിയിൽ പ്രവാചകന്മാരായി നിയോഗിക്കപ്പെട്ടവർ തങ്ങളുടെ മേലുള്ള ഭാരിച്ച ഉത്തരവാദിത്വത്തോടൊപ്പം അവരുടെ ഉപജീവന മാർഗത്തിനായി ഓരോ തൊഴിൽ ചെയ്തിരുന്നു. ആദം നബി(അ) കർഷകനായിരുന്നു. നൂഹ് നബി(അ)യും സക്കരിയ്യ നബി(അ)യും ആശാരിമാരായിരുന്നു. ദാവൂദ് നബി(അ) കൊല്ലപ്പണിക്കാരനും ഇദ്‌രീസ് നബി(അ) നെയ്ത്തുകാരനുമായിരുന്നു. മുഹമ്മദ് നബി(സ)യാകട്ടെ ആദ്യം ആട്ടിടയനായും പിന്നീട് കച്ചവടക്കാരനായും ജീവിച്ചു. ഇപ്രകാരം തന്നെയായിരുന്നു പ്രവാചക അനുചരന്മാരും. അവരിൽ കർഷകരും കച്ചവടക്കാരും ഉണ്ടായിരുന്നു. മക്കയിൽ തങ്ങളുടെ സമ്പാദ്യങ്ങൾ സർവവും ഉപേക്ഷിച്ച് മദീനയിലേക്ക് പോയ മുഹാജിറുകളെ നബി(സ) അൻസാറുകളുടെ സഹോദരന്മാരായി പ്രഖ്യാപിച്ചു. അപ്പോൾ സഅ്ദിബ്നു റബീഅ്(റ) എന്ന മദീനാ നിവാസി, ഹിജ്റ ചെയ്തുവന്ന അബ്ദുർറഹ്മാനുബ്നു ഔഫി(റ)നോട് തന്റെ സമ്പത്തിന്റെ പകുതി തരട്ടെയെന്ന് ചോദിച്ചു. അല്ലാഹു താങ്കളിലും താങ്കളുടെ സമ്പാദ്യത്തിലും അനുഗ്രഹം ചൊരിയട്ടെ എന്നും എനിക്ക് മാർക്കറ്റ് എവിടെയാണെന്ന് കാണിച്ചു തന്നാൽ മതിയെന്നുമാണ് അബ്ദുർറഹ്മാനുബ്നു ഔഫ് മറുപടി പറഞ്ഞത്. ഖിലാഫത്ത് ഏറ്റെടുത്തതിന് ശേഷം അബൂബക്കർ(റ) പിറ്റേ ദിവസം തന്നെ ഉപജീവനത്തിനായി മാർക്കറ്റിലേക്ക് പോയതായി ചരിത്രത്തിൽ കാണാം.

നബി(സ)യോട് ഒരാൾ ചോദിച്ചു. "ഏതാണ് നല്ല സമ്പാദ്യം?" നബി(സ): "സ്വകരത്താൽ അധ്വാനിച്ചതും സത്യസന്ധമായ കച്ചവടവും.

അലി(റ) പറഞ്ഞു: "ഒരാൾ തന്റെ ആഹാരത്തിനായി അധ്വാനിക്കുകയും അതിനിടയിൽ അയാൾ മരിക്കുകയും ചെയ്താൽ അല്ലാഹു അയാളിൽ തൃപ്തനാണ്." ഇസ്‌ലാം അലസതയെ നിരുത്സാഹപ്പെടുത്തുന്നു. നബി(സ) പറഞ്ഞു: "ഒരാൾ യാചിക്കുകയും അയാൾക്കത് കിട്ടുകയോ കിട്ടാതിരിക്കുകയോ ചെയ്യുന്നതിനേക്കാൾ നല്ലത്, വിറക് ചുമന്ന് അതിൽ നിന്നും സമ്പാദിക്കുന്നതാണ്." പള്ളിയിൽ ഭജനമിരുന്നു അല്ലാഹുവേ, എനിക്ക് നീ ആഹാരം പ്രദാനം ചെയ്യേണമേ എന്ന് പ്രാർഥിക്കുന്നവരെ വിലക്കിക്കൊണ്ട് ഉമർ(റ) പറഞ്ഞു: "ആകാശത്ത് നിന്ന് സ്വർണവും വെള്ളിയും വെറുതെ വർഷിക്കുകയില്ല." തൊഴിൽ എന്തുമാവട്ടെ, മാർഗവും രീതിയും ഇസ്‌ലാം നിഷിദ്ധമാക്കിയതല്ലെങ്കിൽ എല്ലാ പുണ്യകരം തന്നെയാണ്. ■